(സി) അർബൻ 2020 പദ്ധതിപ്രകാരം ഡി.പി.ആർ.-കൾ തയ്യാറാക്കി നൽകുന്നതിന് ജെ.എൻ.എൻ.യു.ആർ.എം. ഫണ്ടിൽ നിന്ന് 5 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും നഗരസഭകൾക്കും ഡവലപ്പ്മെന്റ് അതോറിറ്റികൾക്കും പിപിപി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പാർട്ണർ കേരള മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായ കിറ്റ്കോയ്ക്ക് നൽകുന്നതിനായി 2 കോടി രൂപ പാർട്ണർ കേരളമിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ തുടർ നടത്തിപ്പിനാവശ്യമായ 25 കോടി രൂപകൂടി 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) അർബൻ 2020 പദ്ധതി പ്രകാരം കൊല്ലം നഗരസഭ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ് :

ഇന്റഗ്രേറ്റഡ് ട്രെയിനേജ് നെറ്റ്വർക്ക്	-	200 കോടി രൂപ
കടപ്പാക്കട ഫ്ലൈ ഓവർ	-	100 കോടി രൂപ
റിജുവനേഷൻ ഓഫ് വാട്ടർ ബോഡീസ്	-	20 കോടി രൂപ

ഇതിൽ റിജുവനേഷൻ ഓഫ് വാട്ടർ ബോഡീസുമായി ബന്ധപ്പെട്ട ഡിപിആർ തയ്യാറാക്കുന്നതിനുള്ള എഗ്രിമെന്റിൽ കൊല്ലം നഗരസഭ ഏർപ്പെട്ടിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ട്രെയിനേജ് നെറ്റ്വർക്കുമായി ബന്ധപ്പെട്ട പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടിന്റെ പരിശോധന നടന്നുവരുന്നു. കടപ്പാക്കട ഫ്ലൈ ഓവറുമായി ബന്ധപ്പെട്ട പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടിന് അംഗീകാരം ലഭ്യമായിട്ടില്ല.

കൊല്ലം Q.S.S കോളനി നവീകരണം

128 (1599) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം Q.S.S. കോളനി നവീകരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി കൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) Q.S.S. കോളനി നവീകരിക്കുന്നതിനുവേണ്ടി No. 3264/VIP/CM തീയതി 21-5-2015 എന്ന നമ്പരിൽ ബഹു. മുഖ്യമന്ത്രി, അർബൻ അഫയേഴ്സ് സെക്രട്ടറിക്ക് അയച്ച കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) കൃ.എസ്.എസ്. കോളനി നവീകരണം രാജീവ് ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും ആയതിന് അംഗീകാരം ലഭിച്ചിരുന്നില്ല. കോളനി നവീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly